(ബി) എങ്കിൽ ഇവർക്ക് എന്നത്തേയ്ക്ക് ഇത് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

63 (619) കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിയ തോട്ടണ്ടി ഇറക്കുമതി

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും, സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ 1996-97 മുതൽ 1999 നവംബർ വരെ ഇറക്കുമതി ചെയ്ത തോട്ടണ്ടി, എത്ര ടൺ ആണെന്നും, ഏതൊക്കെ ഏജൻസികളിൽ നിന്നാണെന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഓരോ വർഷവും ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് മെട്രിക് ടണ്ണിന് എന്ത് വിലയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) തോട്ടണ്ടി ഇറക്കുമതിയിൽ അഴിമതിയുണ്ടായതായി പറയുന്ന ആരോപണങ്ങളിൻമേൽ ഏതൊക്കെ തലത്തിൽ അന്വേഷണം നടന്നു എന്നും കോർപ്പറേഷന് ഈ ഇനത്തിൽ നഷ്ടപ്പെട്ട തുക എത്രയെന്നും, അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) 1996-97 മുതൽ 1999 നവംബർ വരെ ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെയും അവ വാങ്ങിയ വില സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) മുൻ ഉത്തരത്തിലെ അനുബന്ധത്തിൽ കാണിച്ചിട്ടുള്ള 1996-97, 1997-98 എന്നീ വർഷങ്ങളിലെ തോട്ടണ്ടി ഇറക്കുമതി ചെയ്തതിൽ, ഇറക്കുമതിക്ക് കരാർ നൽകിയതിൽനിന്നും യഥാക്രമം 22 മെട്രിക് ടണ്ണും, 478.9 മെട്രിക് ടണ്ണും തോട്ടണ്ടി കുറവായിരുന്നു. ഇതിൽ ഒന്നാമത്തെ ഇറക്കുമതിയിൽ ഉണ്ടായ തൂക്കകുറവിന്റെ വില സപ്ലെയറിൽനിന്ന് ഈടാക്കിയിട്ടുണ്ട്.

രണ്ടാമത്തെ കരാറിൽ തൂക്കക്കുറവ് വന്നതിനെ തുടർന്ന് കുറവായ തോട്ടണ്ടിയുടെ വില പെർഫോർമൻസ് ബോണ്ട് ഇൻവോക്ക് ചെയ്ത് അഡ്ജസ്റ്റ് ചെയ്തശേഷം അവശേഷിക്കുന്ന തുക സപ്ലയറിൽനിന്നും ഈടാക്കുന്നതിന് ആർബിട്രേഷൻ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

മൂന്നാമത്തെ കരാർ പ്രകാരം ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ ഉണ്ടായ കുറവ്, കുറവു വന്ന തോട്ടണ്ടിയുടെ വിലകുറച്ച് മാത്രമേ സപ്ലയർക്ക് നൽകിയിട്ടുള്ളൂ.

രണ്ടാമത്തെയും, മൂന്നാമത്തെയും ഇറക്കുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്ത് ഡിപ്പാർട്ടുമെന്റൽ അന്വേഷണം നടത്തിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly